# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ പദ്ധതി</u>

6023

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കേന്ദ്ര സര്‍ക്കാര്‍ സംസ്ഥാനത്തിനുള്ള അരിയുടെയും ഭക്ഷ്യധാന്യങ്ങളുടെയും വിഹിതം വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കില്‍ എന്നുമുതല്‍; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അവശ്യസാധനങ്ങളുടെ വില ഏകീകരണം</u>

6024 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ഓരോ പ്രദേശത്തും നിശ്ചിയിക്കുന്നത് ഏത് ഏജൻസിയാണെന്നു വ്യക്തമാക്കാമോ;

(ബി) ഒരു മാർക്കറ്റിലെ വിവിധ കടകളിൽ ഒരേ അളവിലുളള വസ്തുക്കൾക്ക് പല വിലയീടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവശ്യവസ്തുക്കളുടെ വിലയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) അത് ഒഴിവാക്കുന്നതിനായി വില ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ കടകളിലും വിൽക്കുന്ന വസ്തുക്കളുടെ സ്റ്റാൻഡേർഡ്, വിലനിലവാരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാനും ഇപ്രകാരം ബോർഡ് പ്രദർശിപ്പിക്കാത്ത കടയുടമകൾക്ക്, എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനും മുൻകൈ എടുക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

അന്ത്യയോജന - അന്നപൂര്‍ണ്ണ പദ്ധതി

6025

ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു രൂപ നിരക്കിലുള്ള അരി വിതരണ പദ്ധതി നടപ്പാക്കിയ സാഹചര്യത്തില്‍ അന്ത്യയോജന - അന്നപൂര്‍ണ്ണ പദ്ധതികളുടെ പുന:പരിശോധന സംബന്ധിച്ച നിര്‍ദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) അന്ത്യയോജന - അന്നപൂര്‍ണ്ണ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കള്‍ ആരെല്ലാമാണ്; വിശദവിവരം നല്‍കാമോ;

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തിയതിലെ അപാകത മൂലം അനര്‍ഹരായ ധാരാളം പേര്‍ കുറഞ്ഞ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങള്‍ക്ക് അര്‍ഹത നേടിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) കുറഞ്ഞ വിലയില്‍ വിതരണം ചെയ്യപ്പെടേണ്ട ഭക്ഷ്യധാന്യങ്ങള്‍, കരിഞ്ചന്തയിലേയ്ക്കും, കാലിത്തീറ്റ നിര്‍മ്മാണ കേന്ദ്രങ്ങളിലേയ്ക്കും മാറ്റപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോ അരി</u>

6026 ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഇക്കഴിഞ്ഞ ഓണത്തിന് അഞ്ച് കിലോ അരി വീതം സൗജന്യമായി നൽകാൻ തീരുമാനിച്ചിരുന്നുവോ;

(ബി) കഴിഞ്ഞ ഓണത്തിന് സ്കൂൾ കുട്ടികൾക്ക് 5 കിലോ അരി നൽകുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്കൂൾ കുട്ടികൾക്ക് ഈ വർഷം അരി നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷം ഓണക്കാലത്ത് സ്കൂൾ കുട്ടികൾക്ക് സൗജന്യമായി അരി നൽകിയിരുന്നുവോ; എങ്കിൽ എത്ര കുട്ടികൾക്ക് ഇത് നൽകിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>രണ്ടു രൂപാ നിരക്കിലുള്ള അരി വിതരണം</u>

6027 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലോഗ്രാമിന് രണ്ടു രൂപാ നിരക്കിൽ അരി നല്കുന്ന പദ്ധതിയിൽ ഏത് തീയതിവരെ കാർഡ് ലഭിച്ചവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) പുതുതായി കാർഡ് ലഭിച്ചവരെക്കൂടി ഉൾപ്പെടുത്തി ഇതിന്റെ പ്രയോജനം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ട അനർഹർ</u>

6028 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു രൂപ നിരക്കിൽ അരി വാങ്ങുന്ന ബി. പി. എൽ. കാർഡുള്ള പലരും അനർഹരാണെന്നും, അർഹതയുള്ള പലർക്കും എ. പി. എൽ. കാർഡാണ് ലഭിച്ചിരിക്കുന്നതെന്നും ഈ വർഷം ആദ്യം അംഗീകരിച്ച ലിസ്റ്റ് വെളിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ എ. പി. എൽ., ബി. പി. എൽ. ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

എ.പി.എൽ. വിഭാഗത്തിനുള്ള അരി വിഹിതം

6029 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. വിഭാഗത്തിന് ഇപ്പോൾ എത്ര കിലോഗ്രാം അരിയാണ് ഓരോ മാസവും അനുവദിക്കുന്നത്;

(ബി) ഇതനുസരിച്ച് വൈക്കം മണ്ഡലത്തിലെ റേഷൻ കടകൾക്ക് മുഴുവൻ അരിയും വിതരണത്തിനായി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരിയിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തോടന്നൂർ സബ്ജില്ലയിൽ അരി വിതരണം</u>

6030

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശേഷാഘോഷ വേളകളിൽ വിദ്യാർത്ഥികൾക്ക് അരി നൽകുന്ന പദ്ധതി പ്രകാരം കോഴിക്കോട് വടകര തോടന്നൂർ സബ്ജില്ലയിലെ എല്ലാ സ്കൂളുകളിലും അരി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് അർഹമായ അരി ഉടനെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിൽ ഒരു രൂപാ നിരക്കിലുള്ള
അരി വിതരണം

6031 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബി.പി.എൽ. വിഭാഗക്കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ എത്ര പേർക്ക് അരി നൽകി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>എ. പി. എൽ/ബിപി. എൽ വിഭാഗങ്ങൾക്ക്രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം</u>

6032 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഏതൊക്കെ വിഭാഗങ്ങളെയാണ് എ. പി. എൽ./ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽപ്പെടുത്തിയിരുന്നത്;

(ബി) ഓരോ വിഭാഗത്തിലും ഏകദേശം എത്ര പേർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുമായിരുന്നത്;

(സി) ആകെ എത്ര ലക്ഷം കുടുംബങ്ങൾക്ക് ഒരു മാസം എത്ര കിലോ അരി വീതം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്;

(ഡി) ഈ സർക്കാർ പ്രഖ്യാപിച്ച ഒരു രൂപയ്ക്ക് ഒരു കിലോ അരി ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഓരോ വിഭാഗത്തിലും എത്ര കുടുംബങ്ങൾക്കാണ് ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി എന്ന് മുതലാണ് നടപ്പാക്കുന്നതെന്നും ഇതിനകം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യം ബി.പി.എൽ കുടുംബങ്ങൾക്ക് നൽകണമെന്ന ശുപാർശ</u>

6033 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യം ബി.പി.എൽ കുടുംബങ്ങൾക്ക് നൽകാനുള്ള പാർലമെന്ററി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഹോട്ടലുകളിലും മറ്റു ഭക്ഷണശാലകളിലും അധിക വില ഈടാക്കുന്നതും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ബി. പി. എൽ പട്ടിക വിഭജനം</u>

6034 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ബി. പി. എൽ റേഷൻകാർഡ് വിഭജിക്കേണ്ടിവരുമ്പോൾ ഒരു വിഭാഗം എ. പി. എൽ ആയിമാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എ. പി. എൽ ആയിമാറുന്ന ഒരു വിഭാഗം ബി. പി. എൽ വിഭാഗത്തെപ്പോലെ പാവപ്പെട്ടവരായി തുടരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വികലാംഗർ, വിധവകൾ എന്നിവർ ഇത്തരം എ. പി. എൽ കാർഡിൽപ്പെടുകയാണെങ്കിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകി ബി. പി. എൽ. കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ബി. പി. എൽ. മാനദണ്ഡം</u>

6035 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മാനദണ്ഡ പ്രകാരം അർഹതയുള്ളവർക്ക് ബി. പി. എൽ. കാർഡ് മാറ്റി നൽകുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

റേഷൻകടകൾ വഴി ഗുണനിലവാരമില്ലാത്ത ധാന്യങ്ങൾ

6036 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ധാന്യങ്ങൾ വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻ കടകൾ</u>

6037 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകട ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലെ എത്ര അപേക്ഷ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീരുമാനമെടുത്തു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കെട്ടികിടക്കുന്ന റേഷന്‍ കാര്‍ഡ് അപേക്ഷകള്‍</u>

6038 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് ഓഫീസുകളില്‍ റേഷന്‍ കാര്‍ഡിനുള്ള അപേക്ഷകള്‍ കെട്ടികിടക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകള്‍ തീര്‍പ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>റേഷൻകടകളുടെ ലൈസൻസ് റദ്ദാക്കൽ</u>

6039 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തൊട്ടാകെ എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) ലൈസൻസ് റദ്ദാക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) എ. പി. എൽ., ബി. പി. എൽ കാർഡുടമകൾക്ക് നൽകാനുള്ള റേഷൻ വിഹിതം കൃത്യമായി നൽകാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ</u>

6040 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ ഈ ഗവൺമെന്റ് എത്ര രൂപയാണ് വർദ്ധിപ്പിച്ചത്;

(ബി) ഉത്സവബത്തയായി എത്ര രൂപയാണ് അനുവദിച്ചത്;

(സി) കമ്മീഷൻ ഇനത്തിൽ വർദ്ധിപ്പിച്ച തുക നാളിതുവരെ നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്മീഷൻ, ഉത്സവ ബത്ത ഇനത്തിൽ എത്ര രൂപയാണ് ജൂൺ മാസംമുതൽ വിതരണം ചെയ്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ റേഷൻകാർഡ് അപേക്ഷകൾ</u>

6041 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പാക്കാനുള്ളത്; താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിൽ റേഷൻ ഡിപ്പോകൾ</u>

6042 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ എത്ര റേഷൻ ഡിപ്പോകൾ (എ.ആർ.ഡി.) ആണ് നിലവിലുള്ളത്;

(ബി) അവയുടെ എ.ആർ.ഡി. നമ്പർ ലൈസൻസിയുടെ പേര്, ഏതു റേഷനിംഗ് ഓഫീസിന്റെ പരിധിയിൽ വരുന്നു, തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

നേമം മണ്ഡലത്തിലെ റേഷൻ കാർഡ് അപേക്ഷകൾ

6043 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ നിന്ന് റേഷൻ കാർഡുകൾ ലഭിക്കുന്നതിനായി 2011 മേയ് മാസം മുതൽ നാളിതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) അവയിൽ എത്ര അപേക്ഷകർക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് പുതിയ റേഷൻ കാർഡ് ലഭിക്കാനുണ്ട് ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>വനിതകളുടെ ഉടമസ്ഥതയിലുള്ള റേഷൻ കടകൾ</u>

6044

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 500 ന് മുകളിൽ റേഷൻകാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഡിപ്പോകളുണ്ട്; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരം ഡിപ്പോകളുടെ പഞ്ചായത്ത് തിരിച്ചിട്ടുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) ഇതിൽ എത്രയെണ്ണം വനിതകളുടെ ഉടമസ്ഥതയിലുണ്ട്;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഇനി എത്ര റേഷൻ ഡിപ്പോകൾ വനിതകളുടെ ഉടമസ്ഥതയിൽ തുടങ്ങാൻ കഴിയും; താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഹോട്ടലുകൾക്ക് സ്റ്റാന്റേർഡൈസേഷൻ

6045 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം, പാചകച്ചെലവുകൾ എന്നിവ കണക്കിലെടുത്ത് ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിലവാരത്തിന് സ്റ്റാന്റേർഡൈസേഷൻ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിലവാരം പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതുകൊണ്ടുമാത്രം അമിതവില ഈടാക്കുന്നതു തടയാനാവില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം സാധാരണക്കാർക്ക് ഉറപ്പുവരുത്താൻ സർക്കാർ പരിഗണനയിലുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കോന്നിയിലെ 'ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്'</u>

6046 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ□□ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്□ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്താനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

## പാക്കേജ്ഡ് കമോഡിറ്റീസ് ചട്ടങ്ങൾ

6047 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാക്കേജ്ഡ് കമോഡിറ്റീസ് ചട്ടങ്ങൾ ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോ ചില്ലറ വില്പനശാലകളുടെ ആധുനികവൽക്കരണം</u>

6048 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത ചില്ലറ വില്പനശാലകളുടെ ആധുനികവൽക്കരണത്തിന് സപ്ലൈകോ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്;

(ബി) പ്രസ്തുത ചില്ലറ വില്പനശാലകൾ പൊതുജന സൗഹാർദ്ദപരമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ആകർഷകമായ നെയിം ബോർഡും സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങളും വിലയും സംബന്ധിക്കുന്ന ബോർഡുകളും എല്ലാ വല്പനശാലകളിലും സ്ഥാപിക്കാൻ നടപടിയെടുക്കുമോ;

(ഡി) തൂക്കത്തിനും ബില്ലിംഗിനും ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ഇ-ടെണ്ടർ സംവിധാനം</u>

6049 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഇതിനകം ഏതെങ്കിലും കമ്പനികളെ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) ഈ സംവിധാനത്തെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഓണം വിപണികളിലേക്ക് സാധനങ്ങൾ വാങ്ങിയത് ഓപ്പൺ ടെണ്ടർ സംവിധാനം മുഖേനയാണോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ സമൂല മാറ്റം</u>

6050 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സമൂലമായ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെല്ലാം ചുമതലപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ സമ്പ്രദായം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം</u>

6051 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള സാഹചര്യം വിശദമാക്കാമോ;

(സി) ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിനെപ്പറ്റി അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) നിലവിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കിയാൽ അപ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ പുനർ വിന്യാസത്തിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ജി) തനതു ജീവനക്കാരെ നിയമിക്കുകവഴി കോർപ്പറേഷനിൽ ഉണ്ടാകാൻ സാധ്യതയുള്ള അധിക സാമ്പത്തിക ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ</u>

6052 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പുതുതായി എവിടെയെല്ലാം മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പ്രൊപ്പോസലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയേടത്ത് പറമ്പ് (പുളിക്കൽ പഞ്ചായത്ത്), ഐക്കരപ്പടി (ചെറുകാവ് പഞ്ചായത്ത്), മുതുവല്ലൂർ കാരാട് (വാഴയാർ പഞ്ചായത്ത്) എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മാവേലിസ്റ്റോറുകൾ വഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ</u>

6053 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റോറുകളിൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ എത്രയാണെന്നു അറിയിക്കുമോ;

(സി) മാവേലിസ്റ്റോറുകളിലൂടെ കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) സാധനങ്ങൾ പൊതുവിപണിയിലും കൂടിയ വിലക്ക് മാവേലിസ്റ്റോറിൽ വിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോറുകൾ</u>

6054 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) ഒന്നിലധികം മാവേലി സ്റ്റോറുകൾ ഒരു പഞ്ചായത്തിൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒരു മാവേലി സ്റ്റോർ നിലവിലുള്ള പഞ്ചായത്തുകളിൽ കൂടുതൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിൽ സാധനങ്ങളുടെ വിലനിയന്ത്രണം</u>

6055 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിൽ ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലി സ്റ്റോറുകളിൽ ലഭ്യമാകുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) മിക്ക സാധനങ്ങൾക്കും മാവേലി സ്റ്റോറിലും പൊതുവിപണിയിലും വില വ്യത്യാസമില്ലാത്ത സ്ഥിതിവിശേഷമാണ് ഇപ്പോഴുളളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് പുതിയ മാവേലി സൂപ്പർ മാർക്കറ്റുകൾ</u>

6056 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പുതുതായി മാവേലി സ്റ്റോറുകളോ, സൂപ്പർ മാർക്കറ്റുകളോ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

നാദാപുരം എടച്ചേരി മാവേലിസ്റ്റോറിനെ ലാഭം മാർക്കറ്റാക്കാൻ നടപടി

6057 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിൽ നിലവിലുള്ള മാവേലിസ്റ്റോർ ലാഭം മാർക്കറ്റ് ആയി ഉയർത്താനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) അതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ; അതിന്റെ ഉത്ഘാടനം എന്നത്തേക്ക് നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ ദിവസവേതനക്കാരുടെ ജോലി സ്ഥിരത</u>

6058 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

സപ്ലൈകോയിൽ വർഷങ്ങളായി ജോലിചെയ്യുന്ന ദിവസവേതനക്കാരുടേയും പാക്കിംഗ് തൊഴിലാളികളുടേയും ജോലിസ്ഥിരത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വടകര താലൂക്ക് സപ്ലൈ ഓഫീസിലെ</u>
<u>കാഷ്വൽ സ്വീപ്പർ തസ്തിക</u>

6059 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്ക് സപ്ലൈ ഓഫീസിലെ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി കമലയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഉപഭോക്തൃ ക്ഷേമനിധി</u>

6060 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം സംഘടനകൾക്കാണ് ഈ ക്ഷേമനിധി വഴി സാമ്പത്തിക സഹായങ്ങൾ നൽകുന്നത്;

(സി) ഉപഭോക്തൃ പ്രസ്ഥാനത്തിന് പ്രോത്സാഹനകരമായ സന്നദ്ധപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ഡി) ഇതിന് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മായം ചേർക്കലിനെതിരെ റെയ്ഡുകൾ</u>

6061 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത വെളിച്ചെണ്ണയും, അരിയും വിപണിയിൽ ധാരാളമായി വിറ്റഴിക്കപ്പെടുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്ര റെയ്ഡുകൾ എവിടെയൊക്കെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റെയ്ഡിൽ ക്രമരഹിതമായ ഇടപാടുകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ എന്തൊക്കെ സാധനങ്ങളും രേഖകളുമാണ് പിടിച്ചെടുത്തത് എന്ന് വ്യക്തമാക്കാമോ ;

(ഡി) അത് സംബന്ധിച്ച് എത്ര കേസുകൾ ആരുടെയൊക്കെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ ചട്ടങ്ങൾ</u>

6062 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃത സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാതെ വസ്തു സംബന്ധമായ ആധാരങ്ങൾ തയ്യാറാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രജിസ്ട്രേഷൻ ചട്ടങ്ങളിലും നടപടികളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭൂനികുതി അടയ്ക്കാത്ത ഭൂമിയുടെ വില്പന രജിസ്ട്രേഷൻ</u>

6063

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി അടയ്ക്കാത്ത ഭൂമിയുടെ കൈമാറ്റം രജിസ്റ്റർ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമിയുടെ നികുതി അടയ്ക്കുവാൻ ഭൂമി വാങ്ങിയ ആൾ പ്രയാസപ്പെടുന്ന സാഹചര്യം പരിഗണിച്ച് ഇതിന് പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഭാവിയിൽ ഭൂമി വില്പന രജിസ്റ്റർ ചെയ്യുമ്പോൾ ഭൂനികുതി അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും</u>

6064 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നിൽകൂടുതൽ ഫ്ളാറ്റ് നിർമ്മാണ കമ്പനികൾ കൂട്ടായി എഴുതി വാങ്ങി കൈവശം വച്ചിരിക്കുന്ന ഭൂമി ഓരോ കമ്പനിയ്ക്കും വിഭജിച്ച് വെവ്വേറെ ആധാരം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും എത്ര വീതമെന്ന് വിശദമാക്കുമോ;

(ബി) ഒരു കുടുംബത്തിന്റെ കൃഷിഭൂമി കുടുംബാംഗങ്ങൾ തമ്മിൽ യോജിച്ച് വിഭജിച്ച് മറ്റൊരാൾക്ക് ഒറ്റ ആധാരമായി പ്രമാണം ചെയ്യുന്നതിന് നിലവിൽ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ വിലയുടെ എത്ര ശതമാനമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കുടുംബം അവരുടെ ഭൂമി പല ആധാരമായി മറ്റൊരാൾക്ക് കൈമാറിയാൽ ആ കുടുംബാംഗങ്ങൾക്ക് ക്യാപ്പിറ്റൽ ഗെയിൻ കൂടുതലായി കൊടുക്കേണ്ടി വരുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഭൂമി തരം മാറ്റി രജിസ്റ്റർ ചെയ്യുന്നതിനെതിരെ നടപടി

6065 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഭൂമിയുടെ തരം മാറ്റി രജിസ്റ്റർ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം രജിസ്ട്രേഷനിലൂടെ വയലുകൾ പുരയിടങ്ങളും പറമ്പുകളുമായി മാറുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അപ്രകാരം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ മാർക്കറ്റ് വില തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ</u>

6066 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ കാണിക്കുന്ന വിലയും മാർക്കറ്റു വിലയും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമിയുടെ മാർക്കറ്റ് വില തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇത് കാലാനുസൃതമായി പുതുക്കി നിശ്ചിയിച്ചിട്ടുണ്ടോ;

(സി) ട്രസ്റ്റുകൾ രൂപീകരിക്കുമ്പോഴും ഇഷ്ടദാനം വഴി വിൽപത്രം രജിസ്റ്ററാക്കുമ്പോഴും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ഡി) വിൽ മുഖാന്തിരമുള്ള ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം രേഖകളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ട്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വികസനപ്രവർത്തനങ്ങൾക്കുള്ള ഭൂമി കൈമാറ്റം</u>

6067 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പൂർണ്ണമായി ഒഴിവാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വിവിധ തരത്തിലുള്ള ആധാരങ്ങൾ</u>

6068 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ തരത്തിലുള്ള ആധാരങ്ങളുടെ രജിസ്ട്രേഷനാണ് നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) അവയ്ക്ക് ഓരോന്നിനും പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ആധാരവിലയുടെ എത്ര ശതമാനം തുക മുദ്രപത്രത്തിനും രജിസ്ട്രേഷനും ഈടാക്കുന്നു എന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വസ്തു രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പങ്കുവ്യപാരം നടത്തുന്ന സ്ഥാപനങ്ങൾ</u>

6069 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ള പങ്കുവ്യപാരം നടത്തുന്ന സ്ഥാപനങ്ങൾ, പാർട്ട്ണർഷിപ്പ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനു ഈടാക്കുന്ന ഫിസ് നിരക്കുകൾ നാമമാത്രമായതിനാൽ ഈ ഇനത്തിലുള്ള വരുമാനം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിന്റെ പുതിയ പദ്ധതി</u>

6070 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിനകർമ്മപരിപാടിയിലുൾപ്പെടുത്തി നേമം മണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ സാമ്പത്തിക, ഭൗതിക വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഗസറ്റ് വിജ്ഞാപനത്തിനനുസൃതമായി പ്രമാണങ്ങളിൽ പേര് മാറ്റം</u>

6071 അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗസറ്റ് വിജ്ഞാപനം വഴി പുതിയ പേര് സ്ഥിരീകരിച്ചാലും ഭൂമി സംബന്ധമായ പ്രമാണങ്ങളിൽ പഴയ പേര് തന്നെ നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഗസറ്റ് വിജ്ഞാപന രേഖകൾ ഹാജരാക്കിയാലും സർക്കാരിന്റെ പ്രത്യേക ഉത്തരവ് ഇല്ലാതെ പ്രമാണങ്ങളിൽ പേര് മാറ്റാനാവില്ലെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ ഇത് മൂലം ഭൂമി ഇടപാടുകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഗസറ്റ് വിജ്ഞാപനത്തിനനുസൃതമായി പ്രമാണങ്ങളിൽ പേര് മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>റീ സർവ്വേ നമ്പർ 15/9 ൽപ്പെട്ട ഭൂമിയുടെ ഫെയർ വാല്യൂ</u>

6072 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊഴുക്കല്ലൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 15/9 ൽപ്പെട്ട ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ചത് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഫെയർ വാല്യൂ സംബന്ധിച്ച് ശ്രീ.രാരിച്ചൻ എം.കെ., എരവട്ടുകണ്ടി കീഴരിയൂർ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ചതിൽ അപാകത സംഭവിച്ചതായി കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ലാന്റ് റെക്കോർഡ് നവീകരണ പദ്ധതി

6073

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഒട്ടുമിക്ക സബ്രജിസ്ട്രാർ ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൻമൂലം വകുപ്പുമുഖേന ലഭ്യമാവുന്ന പല സേവനങ്ങളും യഥാസമയം ലഭ്യമാവുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

രജിസ്റ്റർ ചെയ്ത ടെലിഫോൺ ടവറുകൾ

6074 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ടെലിഫോൺ ടവറുകളുടെ എണ്ണം എത്രയാണ് ;

(ബി) അതുവഴി സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) രജിസ്റ്റർ ചെയ്യാത്തവയുടെ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ഡി) അവയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്നു വെളിപ്പെടുത്താമോ ?